പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 382 07.01.2014 ൽ മറുപടിയ്ക്ക്

അനെർട്ടിന്റെ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) അനെർട്ട് തയ്യാറാക്കിയ എത്ര പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; | (എ) പ്രധാനമായും 3 പദ്ധതികളാണ് പുതിയതായി അനെർട്ട് നടപ്പിലാക്കിയത്. |
| (ബി) അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) 2012-13 സാമ്പത്തിക വർഷം അനെർട്ട് തയ്യാറാക്കിയതും നടപ്പിലാക്കിയതുമായ പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1) 28000 സോളാർ റാന്തലുകൾ 1000/- രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി വിതരണം 90% പൂർത്തിയായി. ബാക്കിയുള്ളവ ഒരു മാസത്തിനുള്ളിൽ പൂർത്തിയാകും.<br>2) 1 കിലോവാട്ട് സ്ഥാപിതശേഷിയുള്ള 6400 എണ്ണം ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ 92,262/- രൂപ സബ്സിഡിയോടെ സ്ഥാപിച്ചു നൽകുന്ന റൂഫ്ടോപ്പ് സോളാർ പവർപ്ലാന്റ് പദ്ധതിയിൽ 75% പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കിയുള്ള പവർപ്ലാന്റുകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു.<br>3) ഗവൺമെന്റ് കെട്ടിടങ്ങളിൽ 100 കിലോവാട്ട് ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർപ്ലാൻറുകൾ 100% സബ്സിഡിയോടെ സ്ഥാപിച്ചു നൽകുന്ന പദ്ധതി. |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിൽ നടത്തിയ പരിഷ്ക്കാര പദ്ധതികൾ എന്തൊക്കെയാണ്; ഇതിന് എന്തു തുക ചെലവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിന്റെ പരിഷ്ക്കരിച്ച പദ്ധതികളിൽ പ്രധാനമായത് 10000 വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജയൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ അപേക്ഷകരെ മുൻഗണനാക്രമത്തിൽ കണ്ടെത്തി കേന്ദ്ര സംസ്ഥാന സബ്സിഡിയോടുകൂടി പദ്ധതി നടപ്പിലാക്കി വരുന്നു. വീടുകളുടെ മേൽക്കൂരകളിൽ പവർപ്ലാന്റുകൾ സ്ഥാപിച്ചതിന് ഇതുവരെ 8,83,86,996/- രൂപ (കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡി അടക്കം) ചിലവഴിച്ചിട്ടുണ്ട്.

കൂടാതെ ഓരോ കിലോവാട്ട് ശേഷിയുള്ള 25000 ഓഫ്ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ ഈ വർഷം തുടങ്ങിക്കഴിഞ്ഞു. ഇതുമൂലം മൊത്തം 25 മെഗാവാട്ടിന്റെ സ്ഥാപിതശേഷി കൈവരിക്കാനാവും.

സെക്ഷൻ ഓഫീസർ